# സച്ചാർ കമ്മിറ്റിയും സി.പി.എമ്മും

■ *ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയുടെ ശിപാർശകൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കേരളത്തിലെ ഇടതുമുന്നണി സർക്കാർ പ്രഖ്യാപിച്ച 11 അംഗ സമിതിയും കഴിഞ്ഞ ഒക്ടോബർ 25-ന് കോഴിക്കോട് സ്വപ്നനഗരിയിൽ സി.പി.എം സംഘടിപ്പിച്ച കൺവെൻഷനും തനി രാഷ്ട്രീയ തട്ടിപ്പും പ്രഹസനവുമാണെന്ന് മുസ്‌ലിം ലീഗും യു.ഡി.എഫും കുറ്റപ്പെടുത്തുന്നു. 11 അംഗസമിതിയിൽ മുഖ്യധാരാ മുസ്‌ലിം സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്താത്തതിലും പലർക്കും അമർഷവും പ്രതിഷേധവും ഉണ്ട്. സി.പി.എമ്മിന് മുസ്‌ലിംകളോടുള്ള അനുഭാവം ആത്മാർഥമാണെങ്കിൽ 30 കൊല്ലമായി പാർട്ടി ഭരിക്കുന്ന പശ്ചിമബംഗാളിൽനിന്ന് തുടങ്ങട്ടെ എന്നും പ്രതിയോഗികൾ ചൂണ്ടിക്കാട്ടുന്നു. ഇപ്പറഞ്ഞതിലൊക്കെ ശരിയില്ലേ?*

***എം. ആലിക്കോയ, കോഴിക്കോട്***

**രാ**ഷ്ട്രീയ പാർട്ടികളും അവരുടെ സർക്കാറുകളും എന്തുചെയ്യുമ്പോഴും അതിൽ കുറഞ്ഞതോ കൂടുതലോ ആയ അളവിൽ രാഷ്ട്രീയമുണ്ടാവും. തീർത്തും നിസ്വാർഥമായും നീതി മാത്രം മുൻനിർത്തിയും ജനസേവനം ചെയ്യുന്ന ഏതെങ്കിലും പാർട്ടിയോ സർക്കാറോ ഇന്ത്യയിൽ ഇനി ഉണ്ടായിട്ടുവേണം. മൻമോഹൻ സർക്കാർ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ കഴിഞ്ഞ അമ്പത് വർഷത്തെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സ്ഥിതിഗതികളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടും ശിപാർശകളും സമർപ്പിക്കാൻ ജസ്റ്റിസ് രജീന്ദർ സച്ചാറുടെ നേതൃത്വത്തിൽ കമ്മിറ്റിയെ നിയോഗിച്ചതിൽതന്നെ രാഷ്ട്രീയം ഉണ്ടായിരുന്നു. 45 വർഷം തുടർച്ചയായി മുസ്‌ലിം പിന്തുണയോടെ കോൺഗ്രസ് സർക്കാറുകൾ ഇന്ത്യ ഭരിച്ചിട്ടും ഈ അധഃസ്ഥിത ന്യൂനപക്ഷം പിന്നാക്കാവസ്ഥയിൽ തന്നെ തുടർന്നതിന്റെ പേരിൽ മുസ്‌ലിംകൾ പാർട്ടിയിൽനിന്നകന്നു. അത് കോൺഗ്രസ്സിനെ തളർത്തി. വീണ്ടും കുമ്പസാരവും മധുരവാഗ്ദാനങ്ങളുമൊക്കെ നടത്തിയാണ് ഇത്തവണ കോൺഗ്രസ് മുഖ്യഘടകമായ യു.പി.എ അധികാരത്തിലേറിയത്. വാഗ്ദാന പാലനത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സച്ചാർകമ്മിറ്റിയെ നിയോഗിച്ചത് നല്ല കാര്യമാണ്. കമ്മിറ്റി നിശ്ചിതസമയത്തിനകം സാമാന്യം സമഗ്രമായ റിപ്പോർട്ട് സമർപ്പിച്ചതും ശുഭകരമായി. എന്നാൽ 2006 നവംബറിൽ പ്രധാനമന്ത്രിക്ക് സമർപ്പിക്കപ്പെട്ട റിപ്പോർട്ട് ഇതേവരെ പാർലമെന്റിൽ ചർച്ചക്കെടുത്തിട്ടില്ല. ശിപാർശകളിന്മേൽ പ്രായോഗിക നടപടികളും ഉണ്ടായിട്ടില്ല. ഈ വിളംബത്തിന്റെ പിന്നിലും രാഷ്ട്രീയമുണ്ട്. ബി.ജെ.പിയും ഹിന്ദുത്വവാദികളും റിപ്പോർട്ട് തള്ളിക്കളയണമെന്നും അത് ന്യൂനപക്ഷ പ്രീണനമാണെന്നും പ്രചാരണം നടത്തുന്നത് കോൺഗ്രസ് നേതൃത്വത്തെ ചകിതരാക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് ആസന്നമായ ഗുജറാത്തിലെ ഹിന്ദുമനസ്സാണ് പാർട്ടിയെ ഇപ്പോൾ അലോസരപ്പെടുത്തുന്നത്. യു.പി.എ സർക്കാരിൽ പങ്കാളിയായ മുസ്‌ലിം ലീഗിന് ഏറെയൊന്നും സമ്മർദം ചെലുത്താനും ആവുന്നില്ല.

ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിലെ വൻ വിജയത്തിൽ പ്രധാനപങ്ക് വഹിച്ചത് മുസ്‌ലിം ന്യൂനപക്ഷമാണെന്ന വിലയിരുത്തൽ കേരളത്തിലെ സി.പി.എമ്മിനുണ്ട്. ക്രൈസ്തവസഭകളുമായി ഇടഞ്ഞുനിൽക്കെ മുസ്‌ലിം പിന്തുണ പൂർവാധികം ഉറപ്പാക്കണമെന്ന ആഗ്രഹവും പാർട്ടിക്കുണ്ടാവാം. ഈ പശ്ചാത്തലത്തിൽ 11 അംഗ സച്ചാർ കമ്മിറ്റി രൂപവൽക്കരണത്തിനും കോഴിക്കോട്ടെ സച്ചാർ സ്പെഷ്യൽ കൺവെൻഷനും പിന്നിൽ രാഷ്ട്രീയം ഇല്ലെന്ന് പറയാനാവില്ല. കമ്മിറ്റിയിലെ പ്രാതിനിധ്യം വ്യക്തമായും ഇടതുഛായ ഉള്ളതാണുതാനും. മുസ്‌ലിം ലീഗിനെ സംബന്ധിച്ചേടത്തോളം അതിന്റെ ഭൂമികയിലേക്ക് കടന്നുകയറാനുള്ള സി.പി.എമ്മിന്റെ ശ്രമം ഒട്ടൊക്കെ ഫലപ്രദമായി മുന്നോട്ട് പോവുന്നതിലെ ബേജാറും ആശങ്കയും സ്വാഭാവികമാണ്. വിശിഷ്യാ നരേന്ദ്രൻ കമീഷൻ ചൂണ്ടിക്കാട്ടിയ ബാക്ക്ലോഗ് നികത്താൻ നാല് ലീഗ് മന്ത്രിമാരുള്ള യു.ഡി.എഫ് സർക്കാറിന് സാധിക്കാതെ പോയതിലെ ജാള്യവും മറച്ചുവെക്കാനാവാത്തതാണ്. എന്നാൽ ഇത്തരം രാഷ്ട്രീയ ലാക്കുകളൊക്കെ യാഥാർഥ്യമായിരിക്കെത്തന്നെ സാമുദായിക പ്രശ്നങ്ങളുടെ പരിഹാരത്തിന് എത്ര അളവിൽ ആര് നടപടി സ്വീകരിച്ചാലും അതിനോട് സഹകരിക്കുകയാണ് മുസ്‌ലിംകൾക്ക് ബുദ്ധിപൂർവകവും പ്രായോഗികവുമായിട്ടുള്ളത്. 'രാജാത്തി കുത്തിയാലും അടിയാത്തി കുത്തിയാലും അരി വെളുത്തിരിക്കണം' എന്ന പ്രായോഗിക ബുദ്ധിയേ അവർക്ക് കരണീയമാവൂ. അവകാശനിഷേധവും അവഗണനയും വാഗ്ദാനലംഘനവും ഏത് പാർട്ടിയോ സർക്കാരോ കാണിച്ചാലും അതിനെതിരെ ശക്തമായി പ്രതികരിക്കണം, അവശതകൾക്ക് ആര് പരിഹാരമുണ്ടാക്കിയാലും സ്വാഗതം ചെയ്യുകയും സഹകരിക്കുകയും വേണം. സി.പി.എമ്മിന്റെ ബംഗാൾ റെക്കോർഡ് ഒട്ടും അഭിമാനകരമല്ല. പി.ബി മെമ്പർ സീതാറാം യെച്ചൂരിതന്നെ അത് സമ്മതിക്കുകയും തെറ്റ് തിരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കെ ഭാവിനടപടികൾ കാത്തിരുന്ന് കാണാം.

## മക്കാവാദത്തിന്റെ നവകൊളോണിയൽ അജണ്ട?

■ *'വർത്തമാനകാലത്തെ ചെറുത്തുനിൽപിന്റെ സവിശേഷതകൾ നിരീക്ഷിക്കുന്ന ആർക്കും മക്കാവാദത്തിന്റെ നവകൊളോണിയൽ അജണ്ട വ്യക്തമാവും. ഇന്ന് ലോകത്തുള്ള എല്ലാ ചെറുത്തുനിൽപുകളും അന്താരാഷ്ട്ര നിയമത്തിന്റെ സാങ്കേതിക പദമുപയോഗിച്ചു പറഞ്ഞാൽ ഭരണകൂട ബാഹ്യമായ (നോൺ-സ്റ്റേറ്റ് പാർട്ടീസ്) പ്രസ്ഥാനങ്ങളാണ്. റഷ്യൻ അധിനിവേശത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ പടപൊരുതുന്ന ചെചൻകാരായാലും അഫ്ഗാനിസ്ഥാനിലെ താലിബാനായിരുന്നാലും ഫലസ്തീനിലെ ഹമാസായാലും ഇറാഖിലെ പ്രതിരോധ മുന്നണിയായാലും എല്ലാം നോൺ സ്റ്റേറ്റ് പാർട്ടികൾ തന്നെ. ഭരണകൂടബാഹ്യമായ ഗ്രൂപ്പുകളോ സംഘടനകളോ ആണ് പൊതുവിൽ അധിനിവേശത്തിനെതിരെ പോരാടുന്നതി*

*ൽ മുമ്പും മുന്നിൽനിന്നത്' (കലീം-തേജസ് ദ്വൈവാരിക 2007 ഒക്ടോബർ 16-31).* മുജീബിന്റെ പ്രതികരണം?

***മുഹമ്മദ് നൗഷാദ്, കൊച്ചി***

**പ്രാ**മാണികമോ യുക്തിസഹമോ വിവേകപൂർവമോ അല്ലാത്ത സ്വന്തം പ്രതിരോധ സിദ്ധാന്തത്തെ ന്യായീകരിക്കാൻ എന്തൊക്കെ കുതന്ത്രങ്ങൾ! മക്കാവാദം എന്ന പദപ്രയോഗത്തിൽനിന്ന് തുടങ്ങുന്നു കുബുദ്ധി. മക്കാവാദം എന്ന ഒരു വാദമേ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കില്ല. ഏത് പ്രവാചകനും ഏത് കാലഘട്ടത്തിലും ആരംഭിച്ചത് വംശീയമോ ജാതീയമോ മതപരമോ ആയ പരിഗണനകളില്ലാതെ മനുഷ്യസമൂഹത്തെ നേർമാർഗത്തിലേക്ക് പ്രബോധനം ചെയ്തുകൊണ്ടാണ്. ഇസ്രാഈല്യരുടെ മോചനത്തിനായി നിയുക്തരായ മൂസാ, ഹാറൂൻ(അ) എന്നീ പ്രവാചക വര്യന്മാരോടു പോലും അല്ലാഹുവിന്റെ പ്രാഥമിക ഉത്തരവ് ഖിബ്ത്വി വംശജനും ഈജിപ്തിന്റെ ഭരണാധികാരിയുമായ ഫിർഔന്റെ കൊട്ടാരത്തിൽ ചെന്ന് പ്രബോധനം തുടങ്ങാനായിരുന്നു (ഇത് ചൂണ്ടിക്കാട്ടി ഇനി 'ഫറോവാവാദ്'വും ആരോപിക്കപ്പെടുമോ എന്നറിയില്ല!). മക്കയിൽ 13 വർഷം സഹനസമരത്തിലൂടെ പ്രബോധന ചുമതല നിറവേറ്റിയ മുഹമ്മദ് നബി(സ) മദീനയിലെത്തിയ ശേഷവും അപ്പണി നിർത്തിവെച്ച് യുദ്ധത്തിനിറങ്ങുകയായിരുന്നില്ല. മദീനയിലെയും പരിസരങ്ങളിലെയും മുശ്‌രിക്-ജൂത-ക്രൈസ്തവ ഗോത്രങ്ങളിലാകെ പ്രബോധനം ശക്തമായി തുടരവെ ആക്രമണങ്ങൾക്കെതിരെ പ്രതിരോധതന്ത്രങ്ങളും സ്വീകരിച്ചതാണ് ചരിത്രസത്യം. മദീന സാധാരണ നിലയിലായപ്പോഴാകട്ടെ അദ്ദേഹം ഒന്നാമതായി ചെയ്തത് റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളോട് പടവെട്ടുകയല്ല, വലിയവരും ചെറിയവരുമായ എല്ലാ രാജാക്കന്മാരെയും സത്യമാർഗത്തിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകളെഴുതുകയാണ്. കത്ത് ചീന്തിയെറിയുകയും നബിയുടെ ദൂതന്മാരെ അവഹേളിക്കുകയും ഇസ്‌ലാമിക സ്റ്റേറ്റിനെ പിഴുതെറിയാൻ സൈന്യത്തെ ഒരുക്കിയയക്കുകയും ചെയ്തവരോടാണ് യുദ്ധങ്ങൾ വേണ്ടിവന്നത്. അങ്ങനെയൊന്നും ചെയ്യാത്തവരെ ഇസ്‌ലാമിക സ്റ്റേറ്റ് വെറുതെ വിടുകയും ചെയ്തു. അതിനാൽ തുടക്കം പ്രബോധനത്തിൽനിന്നാവണം, അനിവാര്യമായി വന്നാൽ ഒടുക്കം സായുധ പ്രതിരോധത്തിൽ കലാശിക്കുകയും ചെയ്യും. സുസമ്മതമായ ഈ യാഥാർഥ്യത്തെയാണ് മക്കാവാദം എന്ന് പേരിട്ട് കൊച്ചാക്കാൻ ശ്രമിക്കുന്നത്. അതൊരു കൊളോണിയൽ അജണ്ടയല്ല, പ്രവാചകന്മാരുടെ തന്നെ അജണ്ടയാണ്.

ചെച്നിയ, അഫ്ഗാൻ, ഫലസ്ത്വീൻ, ഇറാഖ് ചെറുത്തുനിൽപുകളെക്കുറിച്ച പരാമർശങ്ങളും തികച്ചും തെറ്റിദ്ധരിപ്പിക്കുന്നതാണ്. ജോസഫ് സ്റ്റാലിന്റെ കാലത്ത് അന്യായമായി സോവിയറ്റ് യൂനിയനോട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശമാണ് മുസ്‌ലിം നാടായ ചെച്നിയ. തൊണ്ണൂറുകളിൽ സോവിയറ്റ് യൂനിയൻ കഥാവശേഷമാവുകയും മധ്യേഷ്യൻ നാടുകൾ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തപ്പോഴും ചെച്നിയ കോളനിയായി തന്നെ അവശേഷിച്ചു. അതേ തുടർന്ന് ജൗഹർ ദൂദായേവിന്റെ നേതൃത്വത്തിൽ ചെചൻ ജനത ആരംഭിച്ച വിമോചന പോരാട്ടമാണ് ചെച്നിയയിലേത്. അത് നോൺ സ്റ്റേറ്റ് ഓപ്പറേഷനല്ല. ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളും സാംസ്കാരികത്തനിമയുമുള്ള ഒരു ജനത നഷ്ടപ്പെട്ട പരമാധികാരം വീണ്ടെടുക്കാൻ നടത്തുന്ന സ്വാതന്ത്ര്യസമരമാണ്. അഫ്ഗാനിസ്താന്റെ കഥ വിശദീകരണം പോലും തേടുന്നില്ല. ആ നാട് ഭരിച്ചുകൊണ്ടിരുന്ന താലിബാൻ സർക്കാറിനെ അമേരിക്കൻ സാമ്രാജ്യവാദികൾ കടന്നാക്രമിച്ച് അധികാരഭ്രഷ്ടരാക്കി. സ്വാതന്ത്ര്യത്തിനും സ്വയാധികാരത്തിനും അധിനിവേശപ്പടയുടെ നിഷ്കാസനത്തിനുമായി പൊരുതുകയാണ് താലിബാൻ. അവരുടെ ദൃഷ്ടിയിൽ അവരാണ് സ്റ്റേറ്റ്, ഹാമിദ് കർസായിയുടെ പാവ സർക്കാറല്ല. ഇറാഖിലും നടക്കുന്നത് സമാനമായതു തന്നെ. ഇറാഖിലെ പോരാളികൾ യാങ്കിസഖ്യസേനയെയോ പാവ സർക്കാറിനെയോ അംഗീകരിച്ചിട്ടേയില്ല. അവർ പരമാധികാര ഇറാഖിന്റെ വീണ്ടെടുപ്പിനാണ് ആയുധമേന്തുന്നത്. അധിനിവേശ സേന രാജ്യംവിടുകയും രാജ്യത്ത് ജനാധിപത്യ ഭരണഘടന പുനഃസ്ഥാപിതമാവുകയും ചെയ്താൽ പോരാളി ഗ്രൂപ്പുകൾ വെടിനിർത്തും. ഫലസ്ത്വീൻ ജനതയെ ആട്ടിയോടിച്ച്, ഇറക്കുമതി ചെയ്ത ജൂതന്മാരെ കുടിയിരുത്തി അക്രമപരമായി സ്ഥാപിതമായ രാഷ്ട്രമാണ് ഇസ്രയേൽ. അന്ന് മുതൽ അറബ്-മുസ്‌ലിം രാജ്യങ്ങളുടെ പിന്തുണയോടെ ഫലസ്ത്വീൻ ജനത ആരംഭിച്ച ചെറുത്തുനിൽപിൽനിന്ന് പിൽക്കാലത്ത് യാസിർ അറഫാത്തിന്റെ നേതൃത്വത്തിൽ പി.എൽ.ഒ അമേരിക്കയുടെയും ശിങ്കിടികളുടെയും സമ്മർദത്തിന് വഴങ്ങി പിന്മാറിയപ്പോൾ വിമോചനപോരാട്ടം ഏറ്റെടുത്ത പ്രസ്ഥാനമാണ് ഹമാസ്. അവർ ജനാധിപത്യപരമായി നടന്ന തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും ഭൂരിപക്ഷം നേടി ഫലസ്ത്വീൻ പരിമിതാധികാര സർക്കാറിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. അവർ ഫലത്തിൽ സ്റ്റേറ്റ് തന്നെയാണ്, നോൺ സ്റ്റേറ്റ് വളണ്ടിയർ പ്രസ്ഥാനമല്ല. കലീം തന്നെ സമ്മതിച്ചതുപോലെ ഇതൊക്കെയും അധിനിവേശത്തിനെതിരായ പോരാട്ടങ്ങളുമാണ്.

ഇന്ത്യയിലോ? ഈ രാജ്യത്ത് ജനാധിപത്യഭരണഘടനയും വ്യവസ്ഥാപിത ഭരണസംവിധാനവുമുണ്ട്. പൗരന്മാരുടെ സുരക്ഷ ആ സർക്കാറിന്റെ ചുമതലയാണ്. സർക്കാർ ചുമതല നിറവേറ്റുന്നില്ലെങ്കിൽ ജനാധിപത്യത്തിലൂടെത്തന്നെ അതിന് പരിഹാരവും തേടാം. ഹിന്ദുത്വവാദികൾ അധിനിവേശ ശക്തികളല്ല. ഗുജറാത്തിലും മറ്റു ചില സംസ്ഥാനങ്ങളിലും അവർ അധികാരത്തിലേറിയത് ജനാധിപത്യത്തിലൂടെയാണ്, സായുധ ബലപ്രയോഗത്തിലൂടെയല്ല. അവരെ ജനാധിപത്യപരമായി ചെറുത്ത് തോൽപിക്കാം. അങ്ങനെയാണ് എൻ.ഡി.എ അധികാരഭ്രഷ്ടമായത്. മിലിറ്റൻസിയിലൂടെ ഹിന്ദുത്വവാദികളെ നേരിടേണ്ട സാഹചര്യം ഇന്ത്യയിലില്ല. ഹിന്ദുക്കളിൽ വലിയൊരു വിഭാഗത്തെ സ്വാധീനിക്കാൻ സംഘ്പരിവാറിന് സാധിച്ചത് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറിച്ച തെറ്റുധാരണകൾ വളർത്തിക്കൊണ്ടാണ്. തെറ്റുധാരണകൾ ദൂരീകരിക്കുകയും ഇസ്‌ലാമിന്റെ യഥാർഥ രൂപം ഭൂരിപക്ഷ സമുദായത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുകയാണ് പ്രശ്നപരിഹാരം. അതാണ് ഇസ്‌ലാമിക പ്രസ്ഥാനവും മറ്റു ഇസ്‌ലാമിക സംഘടനകളും സാധ്യമായ രീതിയിൽ ചെയ്യുന്നത്. മറിച്ച് പ്രബോധനപ്രവർത്തനങ്ങളെയാകെ പുഛിച്ച് യുവാക്കളെ പിരികയറ്റി പിച്ചാത്തി സംഘം ഉണ്ടാക്കുന്നവർ ചെയ്യുന്നത് ഇരട്ടദ്രോഹമാണ്. ഇസ്‌ലാമിനെ കൂടുതൽ തെറ്റിദ്ധരിപ്പിക്കലും പ്രബോധന മാർഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കലും. ഇതാണ് ഫലത്തിൽ നവകൊളോണിയലിസത്തിന് ചെയ്യുന്ന വിടുവേല. ഫാഷിസ്റ്റുകളിപ്പോൾ സന്തുഷ്ടരാണ്; നേരത്തേ അവർ അടിസ്ഥാനരഹിതമായി ആരോപിച്ചുവന്ന തീവ്രവാദത്തിനും ഭീകരതക്കും മുസ്‌ലിം സമുദായത്തിൽ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ ലഭിച്ചതിൽ. ആക്രമണങ്ങളിലും കൊലക്കേസുകളിലും പ്രതികളായവരെ രാഷ്ട്രീയക്കാരെയും പോലീസിനെയും സ്വാധീനിച്ച് രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതോ നേതാക്കൾ സുരക്ഷിതരായിരുന്ന് വിവേകശൂന്യമായ ഓപറേഷനിൽ ജീവൻ പൊലിഞ്ഞുപോയ ഹതഭാഗ്യർക്ക് ശഹീദ് പട്ടം പതിച്ചു നൽകുന്നതോ ഇസ്‌ലാം പഠിപ്പിച്ച ജിഹാദല്ല.

## സകാത്ത് നിരക്ക് വർധന?

■ *ഇസ്‌ലാമിലെ നിർബന്ധ കർമമായ സകാത്തിന്റെ വിഹിതം രണ്ടര ശതമാനമാണല്ലോ. നിത്യോപയോഗ സാധനങ്ങളുടെയും ജീവൻ രക്ഷാ മരുന്നുകളുടെ*

*യും മറ്റും വില അടിക്കടി വർധിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാറിലും വിവിധ മേഖലകളിലും പണിയെടുക്കുന്നവർക്ക് വിലവർധനവിന്റെ അടിസ്ഥാനത്തിൽ ശമ്പളം വർധിപ്പിക്കുകയും ചെയ്യുന്നു. നിലവിലുള്ള രൂപയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ രണ്ടര ശതമാനം എന്ന നിരക്ക് വർധിപ്പിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ശരീഅത്തിന്റെ വീക്ഷണം എന്താണ്?*

***സലീം, റോഡുവിള, കൊല്ലം***

**എ**ല്ലാതരം ധനത്തിനും രണ്ടര ശതമാനമല്ല സകാത്ത് വിഹിതം. കാർഷികോൽപന്നങ്ങൾക്ക് ജലസേചനം ചെയ്ത് ഉണ്ടാക്കിയതാണെങ്കിൽ ഇരുപതിലൊന്നും അല്ലെങ്കിൽ പത്തിലൊന്നും സകാത്ത് നൽകണം. പണത്തിനും കച്ചവടച്ചരക്കുകൾക്കും മറ്റുമാണ് രണ്ടര ശതമാനം. സകാത്ത് ദാരിദ്ര്യനിർമാർജനത്തിന്റെ ഒരേയൊരു ഉപാധിയല്ല. ദരിദ്രർ, ഋണബാധിതർ തുടങ്ങിയ വിഭാഗങ്ങളുടെ ദുരിത നിവാരണത്തിനും പുനരധിവാസത്തിനും സകാത്ത് വലിയ അളവിൽ ഉപകരിക്കുമെങ്കിലും പ്രശ്നപരിഹാരത്തിന് ഐഛികമോ സാഹചര്യമനുസരിച്ച് നിർബന്ധമോ ആയ ദാനവും ശരീഅത്ത് അംഗീകരിച്ചിട്ടുള്ളതാണ്. 'നിശ്ചയമായും സമ്പത്തിൽ സകാത്തിന് പുറമെയും അവകാശമുണ്ട്' എന്ന വചനമാണ് ഇതിനടിസ്ഥാനം. ഇന്നത്തെ സ്ഥിതിയിൽ സമ്പന്നർ അർഹമായ വിഹിതം വ്യവസ്ഥാപിതമായി സംഭരിച്ചു വിതരണം ചെയ്താൽതന്നെ ദാരിദ്ര്യത്തിനത് പരിഹാരമാണ്. എണ്ണസമ്പത്തുള്ള അറബ് രാജ്യങ്ങൾ ഉദാഹരണം. സ്ഥിതിഗതികൾ ആവശ്യപ്പെടുമ്പോൾ സകാത്ത് വിഹിതം ഇസ്‌ലാമിക സർക്കാറുകൾക്ക് വർധിപ്പിക്കാമോ എന്ന കാര്യം ആ കാലഘട്ടത്തിലെ യോഗ്യരായ പണ്ഡിതന്മാർ കൂട്ടായ ഇജ്തിഹാദിലൂടെ തീരുമാനിക്കേണ്ടതാണ്. എന്നാൽ സകാത്ത് ദായകരല്ലാതെ ഗുണഭോക്താക്കളില്ലാത്ത ഒരു സമൂഹത്തിന്റെ സൃഷ്ടിയാണ് ഇസ്‌ലാം ലക്ഷ്യമാക്കുന്നതെന്ന് മറക്കരുത്.

## മതത്തിൽ മാറ്റം ഉണ്ടാക്കിയവർ

■ *"നബി(സ) പറഞ്ഞു: കൗസർ തടാകത്തിനടുത്ത് നിങ്ങൾക്ക് മുമ്പ് എത്തുന്നവനാണ് ഞാൻ. എന്റെ അടുത്ത് കൂടി നടന്നുപോയവർ കൗസറിലെ വെള്ളം കുടിക്കും. അത് കുടിച്ചവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല. എന്നാൽ ചിലർ എന്റെ അടുക്കൽ വെള്ളത്തിനായി വരും. ഞാൻ അവരെയും അവർ എന്നെയും അറിയും. എന്നിട്ട് എനിക്കും അവർക്കുമിടയിൽ മറയിടപ്പെടും. അവർ എന്റെ സമുദായത്തിൽപെട്ടവരാണല്ലോ എന്ന് ഞാൻ പറയും. താങ്കളുടെ ശേഷം അവർ ഉണ്ടാക്കിത്തീർത്ത മാറ്റങ്ങൾ നിങ്ങൾക്കറിഞ്ഞുകൂടാ എന്ന് പറയപ്പെടും. അപ്പോൾ ഞാൻ പറയും: എനിക്കു ശേഷം (ദീനിൽ) മാറ്റം വരുത്തിയവർ ദൂരെ, ദൂരെ" (ഐ.പി.എച്ച് പ്രസിദ്ധീകരിച്ച* കർമസരണി *എന്ന പുസ്തകത്തിൽനിന്ന് – പേജ് 33).*

*ഇവിടെ ദീനിൽ മാറ്റമുണ്ടാക്കിയവർ ആരായിരിക്കും? സമസ്തക്കാർ പറയുന്നു; പുത്തൻവാദികളാണെന്ന്. മുജാഹിദുകൾ പറയുന്നു; കുറാഫാത്തുകാരും മതരാഷ്ട്രവാദക്കാരുമാണെന്ന്. ജമാഅത്തുകാർ പറയുന്നു; ഇസ്‌ലാമിനെ അരാഷ്ട്രീയവൽക്കരിച്ചവരും യാഥാസ്ഥിതികരുമാണെന്ന്! ആകെ ഒരു കൺഫ്യൂഷൻ!* മുജീബ് പ്രതികരിക്കുമോ?

***ഇ.സി റംല, പള്ളിക്കൽ***

**ന**ബി(സ) പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അതുകൊണ്ടാണ് തിരുമേനി പ്രവാചകനായത്. പ്രവചനങ്ങളിൽ ചിലത് നേരായി പുലർന്നു, ചിലത് പുലരാനിരിക്കുന്നു, ബാക്കി ചിലത് പരലോകത്തേ പുലരൂ. എന്നാൽ നബിയുടെ പേരിൽ വ്യാജ പ്രവചനങ്ങൾ സുലഭമായി നിർമിക്കപ്പെട്ടിട്ടും ഉണ്ട്. വിശ്വാസ്യമായി ഉദ്ധരിക്കപ്പെട്ട പ്രവചനങ്ങളേ പരിഗണിക്കേണ്ടതുള്ളൂ. സത്യമായ പ്രവചനങ്ങളിൽ പലതും താത്ത്വികമാണ്. വ്യക്തിയെയോ സംഘങ്ങളെയോ നബി(സ) പേരെടുത്തോ വേർതിരിച്ചോ പറഞ്ഞിട്ടില്ല. എന്നിട്ടും ഓരോ കാലഘട്ടത്തിലും തങ്ങളിഷ്ടപ്പെട്ടവരെ സുഖിപ്പിക്കാനും ഇഷ്ടമില്ലാത്തവരെ നിന്ദിക്കാനും പ്രവാചകവചനങ്ങളെ ദുരുപയോഗപ്പെടുത്തി. അതിൽ പെട്ടതാണ് ഇസ്രാഈല്യർ എഴുപത്തിരണ്ട് സംഘങ്ങളായി പിളർന്നു. എന്റെ സമുദായം 73 സംഘങ്ങളായി പിളരും; എല്ലാം നരകത്തിലുമായിരിക്കും ഒന്നൊഴികെ എന്ന ഹദീസ്. ഈ ഹദീസിന്റെ പ്രാമാണികത തന്നെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും അതിന്റെ ഉള്ളടക്കം മുഖവിലക്കെടുത്താൽ തന്നെ രക്ഷപ്പെടുന്ന വിഭാഗത്തെക്കുറിച്ച് 'എന്റെയും സ്വഹാബിമാരുടെയും മാർഗത്തിലുള്ളവർ' എന്ന് നബി(സ) വ്യക്തമാക്കിയതല്ലാതെ ഒരു സംഘത്തെയും പേരുപറഞ്ഞ് പരാമർശിച്ചിട്ടില്ല. എന്നിട്ടും കാലാകാലങ്ങളിലെ പണ്ഡിതന്മാരും കക്ഷികളും സ്വന്തം വിശുദ്ധി അവകാശപ്പെടാനും പ്രതിയോഗികളെ നരകത്തിന് ഏൽപിച്ചു കൊടുക്കാനും ഈ ഹദീസ് ദുരുപയോഗപ്പെടുത്തിയിട്ടുണ്ട്. അതു തന്നെയാണ് ചോദ്യത്തിൽ ഉദ്ധരിച്ച ഹദീസിന്റെയും സ്ഥിതി. ദീനിൽ മാറ്റങ്ങൾ വരുത്തുകയെന്നാൽ എന്താണ്? അല്ലാഹുവിന്റെ ഏകതയിൽ വെള്ളം ചേർക്കലും പ്രവാചകന്മാരുടെ വ്യക്തിത്വത്തെ വ്യാജപ്രശംസകളിൽ പൊതിയലും മാറ്റം വരുത്തലാണ്; ബിദ്അത്തുകൾ അഥവാ ഖുർആനും സുന്നത്തും പഠിപ്പിക്കാത്ത നവാചാരങ്ങൾ മാറ്റം വരുത്തലാണ്. ദീനിന്റെ അഭേദ്യമായ ഏതെങ്കിലും ഭാഗത്തെ അതിൽനിന്ന് സൗകര്യപൂർവം വെട്ടിമാറ്റലും അട്ടിമറിയാണ്. ഇതൊക്കെ ചെയ്തവരും ചെയ്തുകൊണ്ടിരിക്കുന്നവരും സമുദായത്തിലെ വിവിധ കൂട്ടായ്മകളിലുണ്ട്. എന്നാൽ അടിസ്ഥാന തത്ത്വങ്ങളിൽനിന്ന് വ്യതിചലിക്കാതെ പ്രമാണങ്ങളുടെ ന്യായമായ വ്യാഖ്യാനങ്ങളുടെ പേരിൽ ഭിന്നവീക്ഷണങ്ങൾ പുലർത്തുന്നവരൊന്നും ദീനിൽനിന്ന് പുറത്തല്ലെന്നതാണ് മുൻഗാമികളും പിൻഗാമികളുമായ പണ്ഡിതന്മാരുടെ സുചിന്തിതമായ അഭിപ്രായം. പ്രത്യക്ഷത്തിൽതന്നെ ദീനിന്റെ അനുപേക്ഷ്യ തത്ത്വങ്ങളെ തള്ളിപ്പറഞ്ഞ ദറൂസികൾ, നുസൈരികൾ, ഇസ്മാഈലികൾ, ബഹായികൾ, ഖാദിയാനികൾ പോലുള്ളവരെ ഇസ്‌ലാമിക വിഭാഗങ്ങളായി മുസ്‌ലിം സമൂഹം പൊതുവെ അംഗീകരിക്കുന്നില്ല. മറ്റുള്ളവരുടെ കാര്യത്തിൽ ആത്യന്തിക വിധി പുറപ്പെടുവിക്കുന്നത് കരുതിവേണം. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് ചോദ്യകർത്താവ് പറഞ്ഞ കാര്യം തീർത്തും അടിസ്ഥാനരഹിതമാണ്. ദീനിൽനിന്ന് പുറത്താക്കൽ പരിപാടി പ്രസ്ഥാനത്തിനില്ല. പരലോകത്ത് പടച്ച തമ്പുരാൻ തീരുമാനിക്കേണ്ട കാര്യത്തിൽ ഇഹലോകത്ത് പടപ്പുകൾ കൺഫ്യൂഷനിലാകേണ്ട കാര്യമില്ലെന്നും ഓർമിപ്പിക്കട്ടെ. ■